# മഹാത്മാഗാന്ധി സർവ്വകലാശാല

(സംഗ്രഹം)

ദ്വിവത്സര എം.എഡ്. സ്പെഷ്യൽ എഡ്യൂക്കേഷൻ (Intellectual Disability) പ്രോഗ്രാമിന്റെ റെഗുലേഷനിലെ ക്ലോസ് -17-ലെ ഗ്രേഡിംഗുമായി ബന്ധപ്പെട്ട ഭാഗം ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

അക്കാദമിക് എ5 വിഭാഗം

സ.ഉ.നം.6199/എസിഎ5/1/എം.എഡ് (ID)/2017/അക്കാദമിക് പി.ഡി.ഹിൽസ്, തീയതി: 23.10.2017

---

സൂചന:-1) സ.ഉ.നം. 2071/എസിഎ5/1/17123/2017, തീയതി: 11.04.2017

2) എം.എഡ്. സ്പെഷ്യൽ എഡ്യൂക്കേഷൻ, കോർ കമ്മിറ്റി കൺവീനറുടെ അഭിപ്രായം, തീയതി 01.06.2017

## ഉത്തരവ്

2015 അഡ്മിഷൻ മുതൽ പ്രാബല്യത്തിലുള്ള ദ്വിവത്സര എം.എഡ്. സ്പെഷ്യൽ എഡ്യൂക്കേഷൻ (Intellectual Disability) പ്രോഗ്രാമിന്റെ സി.പി.എ അവാർഡ് ചെയ്യുന്നത് സംബന്ധിച്ച റെഗുലേഷനിലെ ക്ലോസ്-17-ൽ ഗ്രേഡിംഗ് നൽകുന്നതിൽ കൂടുതൽ വ്യക്തത വരുത്തുന്നതിനായി എം.എഡ്. സ്പെഷ്യൽ എഡ്യൂക്കേഷൻ (Intellectual Disability) കോർ കമ്മിറ്റി കൺവീനറുടെ അഭിപ്രായം ആരാഞ്ഞിരുന്നു.

സൂചന (1) ൽ പരാമർശിച്ച സർവ്വകലാശാല ഉത്തരവ് പ്രകാരം, ദ്വിവത്സര എം.എഡ്. (CBCSS) പ്രോഗ്രാമിന്റെ ഗ്രേഡിംഗ് സംബന്ധിച്ച് റെഗുലേഷനിൽ ഭേദഗതി വരുത്തിയതിന് സമാനമായി ദ്വിവത്സര എം.എഡ്. സ്പെഷ്യൽ എഡ്യൂക്കേഷൻ (Intellectual Disability) പ്രോഗ്രാമിന്റെ റെഗുലേഷനിലും ചുവടെപ്പറയും വിധം ഭേദഗതി വരുത്താവുന്നതാണെന്ന് എം.എഡ്. സ്പെഷ്യൽ എഡ്യൂക്കേഷൻ, കോർ കമ്മിറ്റി കൺവീനർ സൂചന (2) പ്രകാരം ശിപാർശ ചെയ്തു.

| SCPA/CCPA | GRADE |
|---|---|
| Above 9.5 | A+ Outstanding |
| Above 8.5 but below or equal to 9.5 | A Excellent |
| Above 7.5 but below or equal to 8.5 | B Very good |
| Above 6.5 but below or equal to 7.5 | C Good |
| 6 or above but below or equal to 6.5 | D Satisfactory |
| Below 6 | E Failure |

എം.എഡ്. സ്പെഷ്യൽ എഡ്യൂക്കേഷൻ, കോർ കമ്മിറ്റി കൺവീനറുടെ മേൽ ശിപാർശ ബഹു:വൈസ് ചാൻസലറുടെ ഉത്തരവിന്മേൽ അക്കാദമിക് കൗൺസിലിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചു.

പ്രസ്തുത വിഷയത്തിന്റെ അടിയന്തിര പ്രാധാന്യം കണക്കിലെടുത്ത്, ദ്വിവത്സര എം.എഡ്. സ്പെഷ്യൽ എഡ്യൂക്കേഷൻ (Intellectual Disability) പ്രോഗ്രാമിന്റെ റെഗുലേഷനിലെ ഗ്രേഡിംഗ് സംബന്ധിച്ച് മേൽ പരാമർശിച്ച വിധം ഭേദഗതി വരുത്തുന്നതിനുള്ള കോർ കമ്മിറ്റി കൺവീനറുടെ ശിപാർശ മഹാത്മാഗാന്ധി സർവ്വകലാശാല നിയമം 1985, അദ്ധ്യായം 3, ഛേദം 10(17) പ്രകാരമുള്ള പ്രത്യേക അധികാരത്താൽ ബഹു:വൈസ് ചാൻസലർ അംഗീകരിച്ചു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്
ദിലീപ് കുമാർ ആർ
അസിസ്റ്റന്റ് രജിസ്ട്രാർ III (അക്കാദമിക്)
രജിസ്ട്രാർക്കുവേണ്ടി

പകർപ്പ്

1. ഡോ. പി.എസ്.സുകുമാരൻ
   കോർ കമ്മിറ്റി കൺവീനർ
   എം.എഡ്.സ്പെഷ്യൽ എഡ്യൂക്കേഷൻ
2. വൈസ് ചാൻസലറുടെ /പ്രൊവൈസ് ചാൻസലറുടെ പ്രൈവറ്റ് സെക്രട്ടറി.
3. പരീക്ഷാ കൺട്രോളറുടെ പി.എ./രജിസ്ട്രാറുടെ പി.എ.
4. എ.ആർ III/ഡി. ആർ II/ജെ. ആർ. II (അക്കാദമിക്)
5. ഇ. ഐ.6/എ.സി.സി./സി.എസ്.എസ്.
6. കണ്ടന്റ് മാനേജ്മെന്റ് വിഭാഗം/ഐ ക്യൂ എ സി
7. കരുതൽ ഫയൽ/ഫയൽ പകർപ്പ്

File No. EI VI/1/M.Ed/SE/2017

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ